THURSDAY 07-07-2022 വ്യാഴാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

**GOVERNMENT OF KERALA**


**Chief Editor : Suraj S** **Editor : Dr Asha T T**

**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186, 2317314**

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-07/07/2022.

1. പ്രധാനമന്ത്രി വിള ഇൻഷുറൻസ് പദ്ധതിയുടെയും കാലാവസ്ഥാധിഷ്ഠിത വിള ഇൻഷുറൻസ് പദ്ധതിയുടെയും ഈ സീസണിലേക്ക് ഉള്ള (ഖാരിഫ് 2022) വിജ്ഞാപനമായി. പ്രധാനമന്ത്രി വിള ഇൻഷുറൻസ് പദ്ധതിയിൽ വാഴയും മരച്ചിനിയുമാണ് വിജ്ഞാപനം ചെയ്തിട്ടുള്ളത്. കാലാവസ്ഥാധിഷ്ഠിത വിള ഇൻഷുറൻസ് പദ്ധതിയിൽ നെല്ല്, വാഴ, കവുങ്ങ്. ജാതി, കൊക്കോ, മഞ്ഞൾ, കുരുമുളക്, പച്ചക്കറികൾ ( പയർ,പടവലം, പാവൽ, കുമ്പളം, മത്തൻ, വെള്ളരി, വെണ്ട,പച്ചമുളക്) എന്നീ വിളകളാണ് കോഴിക്കോട് ജില്ലയിൽ വിജ്ഞാപനം ചെയ്തിട്ടുള്ളത്. പ്രധാനമന്ത്രി വിള ഇൻഷൂറൻസ് പദ്ധതിയിൽ ബ്ലോക്ക് പഞ്ചായത്ത് അടിസ്ഥാനമാക്കി സർക്കാർ സമർപ്പിക്കുന്ന വിളവിന്റെ ഡാറ്റ അനുസരിച്ച് വെള്ളക്കെട്ട്, ആലിപ്പഴമഴ, ഉരുൾപൊട്ടൽ, ഇടിമിന്നൽ മൂലം ഉണ്ടാകുന്ന തീപിടുത്തം, മേഘവിസ്ഫോടനം എന്നിവ മൂലമുള്ള വ്യക്തിഗത വിള നാശങ്ങൾക്കും പദ്ധതിയുടെ മാനദണ്ഡങ്ങളനുസരിച്ച് നഷ്ടപരിഹാരം ലഭ്യമാണ്. കാലാവസ്ഥാ അധിഷ്ഠിത വിള ഇൻഷുറൻസ് പദ്ധതിയിൽ ഓരോ പഞ്ചായത്തിനും വിജ്ഞാപനം ചെയ്തിട്ടുള്ള കാലാവസ്ഥാ നിലയത്തിൽ ഇൻഷുറൻസ് കാലയളവിൽ രേഖപ്പെടുത്തുന്ന കാലാവസ്ഥ ഡാറ്റ അനുസരിച്ചും, വെള്ളപ്പൊക്കം, കാറ്റ് (വാഴ. കവുങ്ങ്. കൊക്കോ. ജാതി, കുരുമുളക് എന്നീ വിളകൾക്ക് മാത്രം) ഉരുൾപൊട്ടൽ എന്നിവ മൂലമുള്ള വ്യക്തിഗത വിള നാശങ്ങൾക്കും പദ്ധതിയുടെ മാനദണ്ഡം അനുസരിച്ച് നഷ്ടപരിഹാരം ലഭ്യമാണ്. ഓരോ ഇൻഷുറൻസ് തുകയും പ്രീമിയം നിരക്കും വ്യത്യസ്തമായിരിക്കും. പദ്ധതിയിൽ ചേരേണ്ട അവസാന തീയതി 31.07.2022. കർഷകർക്ക് ഓൺലൈനായും (**www.pmfby.gov.in**) , സി എസ് സി ഡിജിറ്റൽ സേവാ കേന്ദ്രങ്ങൾ വഴിയും, ഇൻഷുറൻസ് ബ്രോക്കർ പ്രതിനിധികൾ, മൈക്രോ ഇൻഷുറൻസ് പ്രതിനിധികൾ വഴിയും പദ്ധതിയിൽ ചേരാവുന്നതാണ്. വിജ്ഞാപിത വിളകൾക്ക് വായ്പ എടുത്ത കർഷകരെ അതാത് ബാങ്കുകൾ പദ്ധതിയിൽ ചേർക്കേണ്ടതാണ്. പൂരിപ്പിച്ച അപേക്ഷയോടൊപ്പം ആധാറിന്റെ കോപ്പി, നികുതി രസീതിന്റെ കോപ്പി, ബാങ്ക് പാസ്ബുക്ക് കോപ്പി, പാട്ടത്തിന് കൃഷി ചെയ്യുന്ന കർഷകരാണ് എങ്കിൽ പാട്ടക്കരാർ കോപ്പി എന്നിവ കൂടി സമർപ്പിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള കൃഷി ഭവനുമായോ അഗ്രിക്കൾച്ചർ

ഇൻഷുറൻസ് കമ്പനിയുടെ റീജിയണൽ ഓഫീസുമയോ 0471 2334493 എന്ന ഫോൺ നമ്പരിലോ, 1800-425-7064 ടോൾ ഫ്രീ നമ്പരിലോ ബന്ധപ്പെടേണ്ടതാണ്.

2. ക്ഷീരവികസന വകുപ്പ് വാർഷിക പദ്ധതി 2022-2023 **തീറ്റപ്പുൽകൃഷി വ്യാപന പദ്ധതി** 20 സെന്റിൽ കൂടുതൽ തീറ്റപ്പുൽകൃഷി നടപ്പിലാക്കുന്നതിന് സബ്സിഡി നൽകുന്നു. താൽപര്യമുളളവർ ഈ മാസം 10 (ജൂലൈ 10) വരെ വകുപ്പിന്റെ https://ksheerasree.kerala.gov.in എന്ന പോർട്ടൽ മുഖേന ഓൺലൈനായി രജിസ്റ്റർ ചെയ്ത് അപേക്ഷ സമർപ്പിക്കാവുന്നതാണെന്ന് ആര്യനാട് ഡയറി എക്സ്റ്റെൻഷൻ ഓഫീസർ അറിയിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ബ്ലോക്ക് തലത്തിൽ പ്രവർത്തിക്കുന്ന ക്ഷീരവികസന യൂണിറ്റുമായി ബന്ധപ്പെടാവുന്നതാണ്.

3. ഐ. എഫ്. എ സ്പൈസസ് ആൻഡ് ഫുഡ് പ്രോസസിംഗ് പ്രൊഡ്യൂസർ കമ്പനി എന്ന കമ്പനി സർക്കാർ അംഗീകൃത സ്ഥാപനം എന്ന രീതിയിൽ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിന്റെ പേരിൽ കർഷകർ വഞ്ചിതരാകാതിരിക്കാൻ ശ്രദ്ധിക്കണമെന്ന് കോഴിക്കോട് ആത്മ പ്രോജക്ട് ഡയറക്ടർ അറിയിക്കുന്നു. ഐ. എഫ്. എ സ്പൈസസ് ആൻഡ് ഫുഡ് പ്രോസസിംഗ് പ്രൊഡ്യൂസർ കമ്പനി എന്ന കമ്പനിയുടെ പ്രവർത്തനവുമായി കോഴിക്കോട് ജില്ലാ ആത്മ പ്രോജക്ട് ഡയറക്ടർ, E&Y, SFAC കേരള എന്നീ ഓഫീസുകൾക്ക് യാതൊരു ബന്ധവുമില്ലെന്നും എഫ് പി ഒ പ്രോത്സാഹന പദ്ധതി പ്രകാരം എസ് എഫ് എ സി കേരളയുടെ നിർദ്ദേശപ്രകാരം അനുവദിക്കുന്ന ധനസഹായത്തിന് മേൽപ്പറഞ്ഞ കമ്പനിക്ക് അർഹത ഉണ്ടായിരിക്കുന്നതല്ല എന്നും ഈ കമ്പനിയുടെ പേരിലുള്ള ഇടപാടുകളിൽ കർഷകർ സൂക്ഷിക്കണമെന്നും കോഴിക്കോട് ആത്മ പ്രോജക്ട് ഡയറക്ടർ അറിയിക്കുന്നു.

**4.** വയനാട് അമ്പലവയൽ കൃഷി വിജ്ഞാന കേന്ദ്രത്തിൽ വളർത്തിയെടുത്ത ഒന്നരമാസം പ്രായമുള്ള ഗ്രാമശ്രീ മുട്ടകോഴിക്കുഞ്ഞുങ്ങൾ 130 രൂപ നിരക്കിൽ ജൂലൈ 8 വരെ പ്രവൃത്തിദിനങ്ങളിൽ രാവിലെ 10നും വൈകിട്ട് 4 നും ഇടയിൽ ലഭ്യമാണ് . പ്രതിവർഷം 180 മുതൽ 200 ഓളം തവിട്ടു നിറമുള്ള മുട്ടകൾ നൽകുന്നവയാണ് ഈ കോഴികൾ. ഓഫീസ് നമ്പർ: **9496930411, 8590543454**.

5. വലിയതുറ തെങ്ങിൻതൈ ഉത്പാദന കേന്ദ്രത്തിൽ ഗുണമേന്മ ഏറിയ WCT, കുള്ളൻ തെങ്ങിൻ തൈകൾ തൈ ഒന്നിന് 100 രൂപ നിരക്കിൽ വിൽപ്പനയ്ക്ക് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് **0471-2508222, 9383470301** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

6. തിരുവനന്തപുരം പാളയം സാഫല്യം കോംപ്ലക്സിലെ സിറ്റി കോർപ്പറേഷൻ കൃഷിഭവനിൽ WCT തെങ്ങിൻ തൈകൾ തൈ ഒന്നിന് 50 രൂപ നിരക്കിൽ വിതരണത്തിന് ലഭ്യമാണ്. ആവശ്യമുള്ളവർ കൃഷിഭവനിൽ നിന്നും തെങ്ങിൻ തൈകൾ വാങ്ങണമെന്ന് കൃഷിഫീൽഡ് ഓഫീസർ അറിയിച്ചു.

**പരിശീലന പരിപാടികൾ**

7. ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ ആഭിമുഖ്യത്തിൽ ഇന്ന് (ജൂലൈ 07) രാവിലെ 11 മണിക്ക് **പച്ചക്കറികളിൽ മഴക്കാലരോഗങ്ങളും നിയന്ത്രണ മാർഗ്ഗങ്ങളും** എന്ന വിഷയത്തിൽ എഫ്.ഐ.ബി കേരളയുടെ ഫേയ്സ്ബുക്ക് പേജിലൂടെ തത്സമയപരിശീലനം നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് **9383470289** എന്ന നമ്പരിൽ ബന്ധപ്പെടുക.

8. **ഐ .സി.എ .ആർ -സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി, കൊച്ചിയുടെ ധന** സഹായത്തോടെ കൃഷി വിജ്ഞാന കേന്ദ്രം കൊല്ലം പട്ടിക ജാതി പട്ടിക വർഗക്കാർക്കായി **മൽസ്യ സംസ്കരണം** എന്ന വിഷയത്തെ ആസ്പദമാക്കി 3 ദിവസം നീണ്ടുനിൽക്കുന്ന പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. താൽപര്യമുള്ളവർ രണ്ടു ദിവസത്തിനകം **9656847169, 9995112620** എന്നീ ഫോൺ നമ്പരുകളിൽ രാവിലെ 10 മണി മുതൽ വൈകിട്ട് 5 മണി വരെ ബന്ധപ്പെടുക. ആദ്യം വിളിക്കുന്ന 20 പേർക്ക് പരിശീലന പരിപാടിയിൽ പങ്കെടുക്കാവുന്നതാണ്.

9. പട്ടം ക്ഷീരപരിശീലന കേന്ദ്രത്തിൽ വച്ച് ഈ മാസം **11 മുതൽ 16 വരെ** (ജൂലൈ 11 മുതൽ 16 വരെ) **ശാസ്ത്രീയമായ പശു പരിപാലനം** എന്ന വിഷയത്തിൽ ആറു ദിവസത്തെ പരിശീലനം സംഘടിപ്പിക്കുന്നു. ആദ്യം രജിസ്റ്റർ ചെയ്യുന്ന 30 പേരെ ആയിരിക്കും പരിശീലനത്തിൽ ഉൾപ്പെടുത്തുന്നത്. പങ്കെടുക്കുന്നവർ ആധാർ കാർഡിന്റെ പകർപ്പ്, ബാങ്ക് പാസ് ബുക്കിന്റെ പകർപ്പ് എന്നിവ ഹാജരാക്കേണ്ടതാണ്. താൽപര്യമുള്ളവർ ഈ മാസം **8-ന് (ജൂലൈ 8) 5 മണിക്കു മുമ്പായി** പരിശീലന കേന്ദ്രത്തിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് 20 രൂപയാണ്. പങ്കെടുക്കുന്നവർക്ക് ഓരോ ദിവസവും 125

രൂപ ദിനബത്തയും, ആകെ 100 രൂപ യാത്രാബത്തയും നൽകുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ക്ഷീര പരിശീലന കേന്ദ്രം, പൊട്ടക്കുഴി റോഡ്, പട്ടം, പാലസ് പി.ഒ., തിരുവനന്തപുരം 695004 എന്ന മേൽവിലാസത്തിലോ, **0471-2440911** എന്ന ഫോൺ നമ്പരിലോ, principaldtctvm@gmail.com എന്ന ഇ-മെയിൽ വിലാസത്തിലോ ബന്ധപ്പെടുക.

10. മണ്ണുത്തി വെറ്ററിനറി കോളേജിലെ ഡയറി സയൻസ് ഡിപ്പാർട്ട്മെന്റിൽ വെച്ച് ഈ മാസം 15,16 (ജൂലൈ 15,16) തിയതികളിൽ **"പാലിൽ നിന്ന് മൂല്യവർദ്ധിത സ്നാക്സ് (snacks)'** എന്ന വിഷയത്തിൽ ദ്വിദിന പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. **ഫീസ് 1000 രൂപയാണ്.** കൂടുതൽ വിവരങ്ങൾക്ക് **9744481598** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

11. കേരള കാർഷിക സർവകലാശാല സെൻട്രൽ ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ട് **"സുഗന്ധവ്യഞ്ജന കൃഷി പരിപാലനം"** എന്ന വിഷയത്തിൽ **ജൂലായ് 13 മുതൽ ആഗസ്റ്റ് 10** വരെ സൗജന്യ ഓൺലൈൻ പരിശീലനം സംഘടിപ്പിക്കുന്നു. പരിശീലനത്തിൽ പങ്കെടുക്കുന്നതിനായി https://forms.gle/HMw9PEGwsd6LH9Wx8 എന്ന ലിങ്കിലൂടെ രജിസ്റ്റർ ചെയ്യാവുന്നതാണ്. സുഗന്ധവ്യഞ്ജനങ്ങളിലെ കൃഷിരീതി സംബന്ധിച്ച സംശയങ്ങളും ചോദ്യങ്ങളും രജിസ്ട്രേഷൻ ലിങ്കിൽ രേഖപ്പെടുത്താവുന്നതാണ്.

12. പത്തനംതിട്ട ജില്ലയിലെ അടൂർ അമ്മകണ്ടകരയിൽ പ്രവർത്തിക്കുന്ന ഡയറി എന്റർപ്രണർഷിപ്പ് ഡെവലപ്പ്മെന്റ് സെന്ററിൽ ഈ മാസം 13,14 തീയതികളിൽ (ജൂലൈ 13,14) **ശുദ്ധമായ പാലുത്പാദനം** എന്ന വിഷയത്തിൽ പരിശീലനം നടത്തുന്നു. താൽപര്യമുള്ളവർ **0473 4299869, 9495390436, 9446453247** എന്നീ ഫോൺ നമ്പരുകളിൽ വിളിച്ചോ വാട്ട്സാപ്പ് സന്ദേശം അയച്ചോ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. പരിശീലനത്തിനു പങ്കെടുക്കുന്നവർ രണ്ട് ഡോസ് കോവിഡ് വാക്സിൻ സ്വീകരിച്ചവർ ആയിരിക്കണം. ആദ്യം രജിസ്റ്റർ ചെയ്യുന്ന 40 പേർക്കാണ് പരിശീലനത്തിൽ പങ്കെടുക്കാൻ സാധിക്കുക.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

13. **കൊല്ലം സദാനന്ദപുരം കൃഷി വിജ്ഞാന കേന്ദ്രത്തിൽ പ്രവർത്തിച്ചുവരുന്ന ഡിസ്ട്രിക്ട് അഗ്രോമെറ്റ് യൂണിറ്റ് നൽകുന്ന കാർഷിക നിർദ്ദേശങ്ങൾ**

കൂർക്ക അഥവാ ചീവകിഴങ് നടുന്നതിന് അനുയോജ്യമായ സമയമാണിപ്പോൾ (ജൂലൈ മുതൽ ഒക്ടോബർ വരെ). നിലം ഒരുക്കുമ്പോൾ ഒരു സെന്റിന് ഒരു കിലോ കുമ്മായം എന്ന തോതിൽ ഇട്ടു നിലം ഒരുക്കി രണ്ടാഴ്ചയ്ക്ക് ശേഷം ഒരു സെന്റിലേക്ക് 40 കിലോ കാലിവളവും ചേർത്ത് കൊടുക്കുക. 250 ഗ്രാം യൂറിയ, ഒരു കിലോ മസ്സൂരി ഫോസ്, 350 ഗ്രാം പൊട്ടാഷ് എന്നി അളവിൽ വളപ്രയോഗവും ചെയ്ത ശേഷം കിഴങ്ങ് പാകി മുളപ്പിച്ച് മൂന്നാഴ്ച പ്രായമായ ചെടിയുടെ തലപ്പുകൾ/ വള്ളികൾ 10 -15 സെന്റീമീറ്റർ നീളത്തിൽ മുറിച്ച് വരമ്പുകളിൽ പറിച്ചു നടാവുന്നതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം